മിഷൻ 676-പട്ടികജാതി ക്ഷേമ പദ്ധതികൾ

299 (997) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി ക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 1. 50,000 രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി ഓരോരുത്തരുടേയും പേരിൽ 50,000 രൂപ വീതം സ്ഥിരം നിക്ഷേപം നടത്തുന്ന 'വാത്സല്യനിധി' പദ്ധതി.

2. സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് "വിദ്യാജ്യോതി" പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

3. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്ന സ്മൃതിവനം പദ്ധതി.

4. പട്ടികജാതിക്കാർ സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000 രൂപ വരെയുള്ള വായ്പ എഴുതിത്തള്ളൽ പദ്ധതി.

(സി)

1. വാത്സല്യനിധി പദ്ധതി:- 5000 പെൺകുട്ടികൾക്കായി നടപ്പുവർഷം 2500 ലക്ഷം രൂപ ചെലവ് വരുന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ പ്രാഥമിക നടപടികൾ സ്വീകരിക്കുകയും വിവിധ ധനകാര്യ സ്ഥാനങ്ങളുമായി ചർച്ച നടത്തിയതിൽ ഏറ്റവും കൂടുതൽ മടക്കുക വാഗ്ദാനം ചെയ്ത എൽ.ഐ.സി.-യെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു.

2. വിദ്യാജ്യോതി :- ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് മേഖലകളിലെ പ്രൈമറി സ്കൂളുകളിലെ ഒന്നുമുതൽ നാലുവരെ പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് യൂണിഫോം, സ്കൂൾ ബാഗ്, ഷൂസ്, കുട എന്നിവ വാങ്ങുന്നതിനായി 2,000 രൂപ ക്രമത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. ഹൈസ്കൂൾ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

3. സ്മൃതിവനം :- തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ച 37 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള ശിപാർശ ലഭിച്ചതിൽനിന്നും 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

4. വായ്പ എഴുതി തള്ളൽ പദ്ധതി :-

പട്ടികജാതിക്കാർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 1,00,000 രൂപവരെയുള്ളതുമായ വായ്പ എഴുതിതള്ളുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാത്സല്യനിധി പദ്ധതി, വായ്പ എഴുതി തള്ളൽ പദ്ധതി എന്നിവയുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. വാത്സല്യനിധി പദ്ധതിയ്ക്കായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. വിദ്യാജ്യോതി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്മൃതി വനം പദ്ധതി നടപ്പിലാക്കാൻ 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം

300 (998) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ജീവനക്കാരുടെ സംഘടന ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സ്ത്രീ ജീവനക്കാരിയെ ജാതിപറഞ്ഞു ആക്ഷേപിച്ചുവെന്ന പരാതിയിന്മേൽ ഡി.റ്റി.പി.സി. സെക്രട്ടറി അന്വേഷണം നേരിടുന്നുണ്ടോ ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

ടൂറിസം പദ്ധതി

301 (999) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷിസങ്കേതം തുടങ്ങിയവയുമായി ബന്ധപ്പെടുത്തി വിപുലമായ ടൂറിസം പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly